## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2398 — 08.07. 2015 ൽ മറുപടിക്ക്.

### ആശുപത്രി വ്യവസായബന്ധ സമിതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.പി.സി വിഷ്ണുനാഥ്<br>ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.ടി.എൻ. പ്രതാപൻ | ശ്രീ.ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) ആശുപത്രി വ്യവസായബന്ധ സമിതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സമിതി മുഖേന എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (എ) ആശുപത്രി വ്യവസായബന്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. സ.ഉ. (ആർ.റ്റി) നമ്പർ 799/12/ തൊഴിൽ പ്രകാരം ആശുപത്രി വ്യവസായ ബന്ധസമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതി 28.05.2012 ന് നിലവിൽ വന്നു. ആശുപത്രി വ്യവസായ മേഖലയിൽ സമാധാനവും തൊഴിലാളികളുടെ ക്ഷേമവും ഉറപ്പുവരുത്തി മെച്ചപ്പെട്ട തൊഴിലുടമാ-തൊഴിലാളി ബന്ധം ദൃഢപ്പെടുത്തി ഈ മേഖലയിൽ സമാധാന അന്തരീക്ഷം നിലനിർത്തുകയാണ് വ്യവസായബന്ധ സമിതിയുടെ ലക്ഷ്യം. ആശുപത്രി വ്യവസായ മേഖലയിൽ ധാരാളം സമരങ്ങളും പ്രക്ഷോഭങ്ങളും നടന്ന സാഹചര്യത്തിലാണ് 2012 ൽ സ്വകാര്യ ആശുപത്രി വ്യവസായ രംഗത്ത് വ്യവസായബന്ധ സമിതി രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചത്. |
| (ബി) പ്രസ്തുത സമിതി രൂപീകരണം വഴി സ്വകാര്യ ആശുപത്രി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുവാൻ എത്രമാത്രം പ്രയോജനപ്പെട്ടുമെന്നാണ് കരുതുന്നത്; വ്യക്തമാക്കുമോ ; | (ബി) ബലരാമൻ കമ്മിറ്റി റിപ്പോർട്ടിൽ ശുപാർശ ചെയ്ത പ്രകാരം സ്വകാര്യ ആശുപത്രി മേഖലയിൽ നിലനിൽക്കുന്ന താരതമ്യേന കുറഞ്ഞ കൂലി നിരക്കാണ് പ്രശ്നങ്ങൾക്കടിസ്ഥാനം എന്നതിനാൽ ഈ രംഗത്ത് മിനിമം വേതനം പുതുക്കി നിശ്ചയിക്കാൻ വ്യവസായബന്ധ സമിതിയെ സർക്കാർ ചുമതലപ്പെടുത്തി. അതനുസരിച്ച് |

സമിതി നടത്തിയ വിപുലമായ തെളിവെടുപ്പിന്റെയും ചർച്ചകളുടെയും ഫലമായി നൽകിയ ശുപാർശയുടെ അടിസ്ഥാനത്തിൽ 2013 നവംബർ 5 ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 135/2013/തൊഴിൽ പ്രകാരം പുതുക്കിയ വേതന നിരക്കുകൾ നിലവിൽ വന്നു.

ഈ വേതന നിരക്കുകൾ നടപ്പിലാക്കാൻ തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് ശക്തമായ നടപടികൾ സ്വീകരിച്ച് തുടങ്ങി. ഇത് ഈ മേഖലയിലെ തൊഴിൽ സമാധാനം തിരികെ കൊണ്ടു വരാൻ നല്ല രീതിയിൽ സഹായിച്ചു.

കൂടാതെ ഒറ്റപ്പെട്ട രീതിയിൽ സ്വകാര്യ ആശുപത്രികളിൽ ഉണ്ടാകുന്ന തൊഴിൽ പ്രശ്നങ്ങളിൽ സമയാസമയം ഇടപെട്ട് പരിഹരിക്കാൻ സമിതി ശ്രമിക്കുന്നുണ്ട്. ഇതിനായി ഒരു ഉപസമിതിയെ വ്യവസായ ബന്ധസമിതി ചുമതലപ്പെടുത്തിയിട്ടുണ്ട്.

| | |
|---|---|
| (സി) പ്രസ്തുത സമിതി ഏതെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത് ; വിശദാംശങ്ങൾ നൽകുമോ ? | (സി) സ്വകാര്യ ആശുപത്രികളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളെക്കുറിച്ച് പഠിക്കാൻ സർക്കാർ നിയോഗിച്ച ബലരാമൻ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ സ്വകാര്യ ആശുപത്രി വ്യവസായ രംഗത്ത് മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്ന ജോലിയാണ് വ്യവസായ ബന്ധ സമിതി ആദ്യമായി ഏറ്റെടുത്തത്. സമിതിയുടെ ശുപാർശ പ്രകാരം 05.11.2013 ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 135/2013/തൊഴിൽ വിജ്ഞാപന പ്രകാരം സ്വകാര്യ ആശുപത്രി വ്യവസായ മേഖലയിൽ പുതുക്കിയ വേതന നിരക്ക് നിലവിൽ വന്നു. |

തുടർന്ന് നഴ്സിംഗ് ട്രെയിനികൾക്ക് സ്റ്റൈപ്പന്റ് നിശ്ചയിക്കുന്നതിനും സമിതി മുൻകൈ എടുത്തു. കൂടാതെ സ്വകാര്യ മേഖലയിൽ ആശുപത്രികളിലെ നഴ്സുമാരുടെ ജോലി സമയം സംബന്ധിച്ച് പഠിക്കാൻ സർക്കാർ നിയോഗിച്ച വീരകുമാർ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെ അടി

സ്ഥാനത്തിൽ നഴ്സുമാരുടെ ജോലി സമയം (ഷിഫ്റ്റ് സമ്പ്രദായം) സംബന്ധിച്ച് വ്യവസായ ബന്ധ സമിതി ചർച്ച ചെയ്തു വരികയാണ്. തൊഴിലാളി–തൊഴിലുടമാ പ്രതിനിധികൾ തമ്മിലുള്ള ചർച്ചകളിലൂടെ ഒരു സമവായത്തിലെത്തി ഇക്കാര്യം നടപ്പിലാക്കാനാണ് സമിതി ശ്രമിക്കുന്നത്. കൂടാതെ ഈ രംഗത്ത് നടക്കുന്ന മറ്റ് തൊഴിൽ ചൂഷണങ്ങളും തൊഴിൽ നിയമ ലംഘനങ്ങളും ശ്രദ്ധയിൽപ്പെട്ടാൽ അത് പരിഹരിക്കാൻ സമിതി ശ്രദ്ധിക്കുന്നുണ്ട്. സമിതിയുടെ ഇത്തരം ഇടപെടലുകളും തീരുമാനങ്ങളും സ്വകാര്യ ആശുപത്രി വ്യവസായ രംഗത്ത് തൊഴിൽ സമാധാനം നിലനിർത്തുന്നതിനും തൊഴിൽ ചൂഷണം അവസാനിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളിലും പ്രതിസന്ധി ഉണ്ടായാൽ പരിഹരിക്കുന്നതിനും വലിയ തോതിൽ പങ്കുവഹിക്കുന്നുണ്ട്.

നഴ്സുമാരുടെ ജോലി സമയം സംബന്ധിച്ച തർക്കം ഉയർന്നുവന്ന സാഹചര്യത്തിൽ ഇതു സംബന്ധിച്ച് പഠിക്കാൻ സർക്കാർ നിയോഗിച്ച വീരകുമാർ കമ്മിറ്റി റിപ്പോർട്ട് നൽകുകയും പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് തീരുമാനമെടുക്കാൻ വ്യവസായബന്ധ സമിതിയെ തന്നെ സർക്കാർ ചുമതലപ്പെടുത്തുകയും ചെയ്തു. അതനുസരിച്ച് വ്യവസായ ബന്ധസമിതി ചർച്ചകൾ നടത്തി വരികയാണ്. തൊഴിലാളി–തൊഴിലുടമാ പ്രതിനിധികളെ രമ്യതയിൽ എത്തിച്ച് ഈ പ്രശ്നം പരിഹരിക്കാനാണ് ഇപ്പോൾ സമിതി പരിശ്രമിക്കുന്നത്. തുടർന്ന് നഴ്സിംഗ് ട്രെയിനികൾക്ക് സ്റ്റൈപ്പന്റ് നിശ്ചയിക്കുന്നതിനും സമിതി മുൻകൈയെടുത്തു. ഈ രീതിയിൽ ആശുപത്രി വ്യവസായ രംഗത്ത് ആശാവഹമായ പ്രവർത്തനങ്ങളാണ് സമിതി കാഴ്ചവയ്ക്കുന്നത്.

സെക്ഷൻ ഓഫീസർ